**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1093** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റി ഏറ്റെടുത്ത റോഡുകളുടെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജല ജീവൻ മിഷൻ പ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്നതിനായി പൊതുമരാമത്ത് വിഭാഗം ജല അതോറിറ്റിക്കു കൈമാറുന്ന റോഡുകൾ തിരികെ നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ, വിശദമാക്കുമോ; | (എ) | ജല ജീവൻ മിഷൻ പ്രവൃത്തികൾ നടത്തുന്നതിലേക്കായി പൊതുമരാമത്ത് ഡിവിഷന് റോ പോർട്ടൽ വഴി അപേക്ഷിക്കുകയും സംയുക്ത സ്ഥല പരിശോധനക്കു ശേഷം അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതാണ്. ഈ സമയത്ത് റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ദൂരം, പൈപ്പിന്റെ വ്യാസം, റോഡിന്റെ ഉപരിതല സ്വഭാവം എന്നിവ കണക്കിലെടുത്ത് സമയപരിധി നിശ്ചയിക്കാറുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകാതെ ജല അതോറിറ്റിയുടെ കൈവശം റോഡ് നിലനിൽക്കുമ്പോൾ റോഡ് ഗതാഗതയോഗ്യമായ നിലയിൽ തന്നെ നിലനിർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും ഇതിനായി ഫണ്ട് വകയിരുത്തുന്നുണ്ടോയെന്നും അറിയിക്കുമോ; പ്രവൃത്തി ഏറ്റെടുത്ത കരാറുകാകാരുമായി റോഡ് ഗതാഗതയോഗ്യമായ നിലയിൽ തന്നെ നിലനിർത്തണമെന്നുള്ള എഗ്രിമെന്റ് ചെയ്യാറുണ്ടോ; | (ബി) | പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കൈ മാറുന്ന റോഡുകളിൽ ഗതാഗത തടസ്സമുണ്ടാകാതിരിക്കാനും പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം താൽക്കാലിക പുന:സ്ഥാപന പ്രവൃത്തികൾ നടത്തി റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നിർദ്ദേശം കരാറുകാർക്ക് ഷെഡ്യൂൾ പ്രകാരം നൽകുകയും, അത് ശരിയായ രീതിയിൽ നടത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പുന:സ്ഥാപന പ്രവൃത്തിക്കുള്ള തുക ഒടുക്കിയ ശേഷമാണ് റോഡ് കുഴിക്കുന്നതിനുള്ള അനുമതി ലഭിക്കാറുള്ളത്. കൂടാതെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള കരാറിൽ റോഡിൽ ഗതാഗത തടസ്സം ഒഴിവാക്കുന്ന തിനാവശ്യമായ മുൻ കരുതലുകൾ - ഫെൻസിംഗ് സ്ഥാപിക്കുക, അപകട സൂചന മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കുക തുടങ്ങിയവ – സ്വീകരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുമുണ്ട്. |
| (സി) | പൊതുമരാമത്തിന്റെ റണ്ണിംഗ് മെയിന്റനൻസ് കരാറിൽ ഉൾപ്പെടുന്ന റോഡുകൾ പോലും ജല ജീവൻ പ്രവൃത്തികൾക്കായി ഏറ്റെടുത്ത് ജല അതോറിറ്റി വർക്കുകൾ അനന്തമായി നീണ്ടു പോകുന്നതു മൂലം റോഡ് സഞ്ചാരയോഗ്യമല്ലാതാകുന്നതും | (സി) | പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ കുഴിക്കുന്നതിനു പൊതുമരാമത്ത് വകുപ്പിൽ അപേക്ഷ നൽകി അനുമതി വാങ്ങിയ ശേഷമാണ് പൈപ്പ് ലൈൻ സ്ഥാപിക്കാറുള്ളത്. ഇതിനായി പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന തുക ആ |

| | | | |
|---|---|---|---|
| | അപകടങ്ങൾ ഉണ്ടാകുന്നതുമായ അവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | വകുപ്പിൽ ഒടുക്കാറുണ്ട്. പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം താൽക്കാലിക പുന:സ്ഥാപന പ്രവൃത്തികൾ നടത്തി റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നിർദ്ദേശം വർക്ക് ഷെഡ്യൂൾ പ്രകാരം നൽകുകയും അത് ശരിയായ രീതിയിൽ നടത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തികരിച്ച വിവരം ഉടനടി ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കാറുണ്ട്. പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തിയാകുന്ന റോഡുകളിൽ അടിയന്തരമായി പുനസ്ഥാപന പ്രവൃത്തികൾ പൂർത്തീകരിച്ച് സഞ്ചാര യോഗ്യമാക്കി, അപകടങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ